**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സംരംഭമായ M/s കേരള സോപ്സ്, കോഴിക്കോട്- ന്റെ ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യാൻ കഴിയുന്ന സോപ്പ് ഉൽപ്പന്നങ്ങളുടെ വില പുനർനിർണ്ണയിച്ചു കൊണ്ടും, ഈ ഉൽപ്പന്നങ്ങൾക്ക് ടെൻഡർ ഇളവ് അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.52/2023/എസ്.പി.ഡി** **തീയതി,തിരുവനന്തപുരം,24/05/2023**

പരാമർശം:- 1. 18.02.2021 ലെ സ.ഉ.(സാധാ) നം. 05/2021/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 15.11.2021 ലെ കെ.എസ്.ഐ. ഇ/കെ.എസ്/2021-22/651 നമ്പർ കത്ത്.
3. 11.01.2023 ലെ സ.ഉ.(സാധാ)നം.04/2023/എസ്.പി.ഡി നമ്പർ ഉത്തരവ്.
4. വില നിർണ്ണയ സമിതിയുടെ 20.04.2023 ലെ യോഗ നടപടിക്കുറിപ്പ്

**ഉത്തരവ്**

1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സംരംഭമായ M/s കേരള സോപ്സ്, കോഴിക്കോട് നിർമ്മിക്കുന്ന സോപ്പ് ഉൽപ്പന്നങ്ങൾക്ക് പരാമർശം 1 പ്രകാരം വില നിർണ്ണയം നടത്തുകയും, ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിപണനം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അനുമതി നൽകുകയും ചെയ്തിരുന്നു.

2. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയ ഉൽപ്പന്ന വില നിലവിലെ സാഹചര്യത്തിൽ അപര്യാപ്തമായതിനാൽ, പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്ന 24 ഇനം സോപ്പ് ഉൽപ്പന്നങ്ങളുടെ വില കാലാനുസൃതമായി പുതുക്കി നിശ്ചയിക്കണമെന്നും, ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ വിപണനം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് പരാമർശം 3 പ്രകാരം സർക്കാർ തലത്തിൽ രൂപീകരിക്കപ്പെട്ട വില നിർണ്ണയ സമിതി മേല്പറഞ്ഞ 24 ഇനം ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിനായി ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. വില നിർണ്ണയ സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയ സമിതി നിശ്ചയിച്ച നിരക്ക് അംഗീകരിച്ചുകൊണ്ടും, പ്രസ്തുത നിരക്കിൽ അധികരിക്കാതെ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ യൂണിറ്റായ കോഴിക്കോട് കേരള സോപ്സിലെ ഉൽപ്പന്നങ്ങൾ ടെൻഡർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. മേല്പറഞ്ഞതു പ്രകാരമുള്ള 24 ഇനം സോപ്പ് ഉൽപ്പന്നങ്ങളും അവയുടെ വിലയും ഉൾപ്പെടുന്ന വിശദാംശങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഗീതാലക്ഷ്മി.എം.ബി.**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് : -
എല്ലാ വകുപ്പ് തലവൻമാർ/ ഓഫീസുകൾ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റീസ്/സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളേയും വിവരം അറിയിക്കുന്നതിന്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എർണാകുളം/കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE).
വ്യവസായ (ബി) വകുപ്പ് ( IND-B1/56/2022-IND നമ്പർ ഫയൽ പ്രകാരം).
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ് ഷൻ, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് സ്റ്റോർസ്-പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,,

സെക്ഷൻ ഓഫീസർ.

**PRICE FIXED BY THE RECOMMENDATIONS OF THE PRICE FIXATION COMMITTEE CONSTITUTED VIDE G.O.(Rt) No.4/2023/SPD dated 11/01/2023.**

| Sl. No. | NAME OF THE PRODUCT | UNIT (gm or ml) | APPROVED SELLING PRICE (RS.) (Excluding Unloading charges & Taxes) |
|---|---|---|---|
| 1 | KERALA SANDAL | 20 | 9.99 |
| 2 | KERALA SANDAL | 13 | 6.50 |
| 3 | KERALA SANDAL | 75 | 26.42 |
| 4 | KERALA SANDAL | 150 | 51.47 |
| 5 | KERALA SANDAL TRIO CLASSIC (3X150g) | 450 | 153.17 |
| 6 | 3 IN 1 FAMILY PACK (3 X150g, SANDAL, VEP, THRILL) | 450 | 133.63 |
| 7 | VEP | 15 | 6.23 |
| 8 | VEP | 100 | 25.57 |
| 9 | VEP BANDED (3 X 100) | 300 | 77.75 |
| 10 | KAIRALI LIME FRESH | 90 | 22.20 |
| 11 | KAIRALI LOVELY PINK | 90 | 22.22 |
| 12 | KAIRALI ORANGE FRESH | 90 | 22.22 |
| 13 | KAIRALI LAVENDER | 90 | 22.45 |
| 14 | KAIRALI | 75 | 20.25 |
| 15 | KAIRALI BANDED (4 X 75g) | 300 | 81.00 |
| 16 | KERALA SANDAL CARBOLIC (COLTAR) | 100 | 22.48 |
| 17 | WASHWELL | 125 | 23.94 |
| 18 | WASHWELL | 100 | 21.21 |
| | **LIQUID PRODUCT** | **(ml)** | |
| 19 | KERALA SANDAL HANDWASH | 250 | 52.14 |
| 20 | KERALA SANDAL HANDWASH | 5000 | 639.24 |
| 21 | KERALA SANDAL HANDWASH | 500 | 75.95 |
| 22 | WASHWELL LIQUID DETERGENT | 1000 | 133.70 |
| 23 | LIQUID DISHWASH | 1000 | 132.00 |
| 24 | FLOOR CLEANER | 1000 | 113.72 |